# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:73 — 30.10.2019-ലെ മറുപടി

## ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഡാമുകളിലെ ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഡാമുകളിൽ നിന്ന് കുടിവെള്ള വിതരണത്തിനായി സംഭരിക്കുന്ന ജലം ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച ശേഷമാണ് വിതരണം നടത്തുന്നത്. പരമ്പരാഗത ശുദ്ധീകരണ സംവിധാനങ്ങൾക്ക് പുറമെ പൾസേറ്റർ, ലാമെല്ല ക്ലാരിഫൈർ ഉടങ്ങിയ ആധുനിക ശുദ്ധീകരണ സംവിധാനങ്ങളും ഉപയോഗിച്ച് വരുന്നുണ്ട്. എന്നാൽ ഡാമുകളിലെ ജലം പൊതുവിൽ ശുദ്ധീകരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനത്തെക്കുറിച്ച് അലോചിക്കുന്നുണ്ട്. |
| (ബി) | തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന വെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ജല അതോറിറ്റി പരിശോധിക്കുന്നുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന ജലം, അതോറിറ്റിയുടെ ഗുണ നിലവാര പരിശോധനാ വിഭാഗം പതിവായി പരിശോധിച്ചു വരുന്നുണ്ട്. ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലായി കണ്ടെത്തിയിട്ടില്ല. |
| (സി) | ശുദ്ധജലത്തിന് നിറം മാറ്റം സംഭവിക്കുന്നതും അനുവദനീയമായതിൽ കൂടുതൽ അളവിൽ ക്ലോറിനേഷൻ നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ എന്നറിയിക്കാമോ; | (സി) | ശുദ്ധജലത്തിനു നിറം മാറ്റം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു തടയുന്നതിന് ആവശ്യമായ ശുദ്ധീകരണ നടപടികൾ സ്വീകരിക്കുന്നുണ്ട്. പകർച്ച വ്യാധികൾ, ഇ-കോളി വ്യാപനത്തിനുള്ള മറ്റു സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് അവ കൂടി തരണം ചെയ്യാനും മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ വിതരണ ശൃംഖലയുടെ അവസാനം വരെ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നിലനിർത്താനാവശ്യമായ വിധത്തിലുമാണ് ക്ലോറിനേഷൻ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ചെയ്യുന്നത് . എന്നാൽ ചില സന്ദർഭങ്ങളിൽ ശുദ്ധീകരണശാലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നേരിയ തോതിൽ കൂടുതലായി കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിഭാഗവും റെഗുലർ വിഭാഗവും നിരന്തരമായി നിരീക്ഷിക്കുകയും വേണ്ട തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ജല അതോറിററിയുടെ ഗുണമേന്മ പരിശോധന ലാബിൽ എന്തെല്ലാം പരിശോധന സംവിധാനങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | ജല അതോറിറ്റിയുടെ ഗുണമേന്മ പരിശോധന ജില്ലാ തല ലാബുകളിൽ താഴെ പറയുന്ന ഘടകങ്ങൾ പരിശോധിക്കുന്നു<br>**ഫിസിക്കൽ:**<br>കളർ (നിറം)<br>ടർബിഡിറ്റി (കലക്കൽ)<br>പി.എച്ച്.<br>ഇലക്ട്രിക്കൽ കണ്ടക്ടിവിറ്റി<br>ടെംപറേച്ചർ (താപനില)<br>**കെമിക്കൽ:**<br>അസിഡിറ്റി (അമ്ലത)<br>ആൽക്കലൈനിറ്റി (ക്ഷാരത)<br>സൾഫേറ്റ്<br>ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്<br>കാൽസിയം<br>മഗ്നീഷ്യം<br>ക്ലോറൈഡ്<br>ഫ്ളൂറൈഡ്<br>അയൺ (ഇരുമ്പ്)<br>നൈട്രേറ്റ്<br>റെസിഡ്യൂൽ ക്ലോറിൻ (അവക്ഷിപ്ത ക്ലോറിൻ)<br>**ബാക്ടീരിയോളജിക്കൽ:**<br>കോളിഫോം<br>ഇ- കോളി<br>കൂടാതെ നെട്ടൂരിലെ സംസ്ഥാന ലാബിൽ ജലത്തിലടങ്ങിയിട്ടുള്ള കീടനാശിനികളും ഹെവി മെറ്റൽസും പരിശോധിക്കുന്നതിനുള്ള സംവിധാനവുമുണ്ട് |

**സെക്ഷൻ ഓഫീസർ**